

ബലൂൺ

• ലതീഷ് കീഴല്ലൂർ

ഊതി നിറയ്ക്കും ഞാൻ നിന്നെ
പാറിപ്പറക്കും നീ പിന്നെ
ചിറകുകളില്ലാതെങ്ങനെ നീ
കാറ്റിൽ പാറി പറക്കുന്നു?
ഉയർന്നു പൊങ്ങിപ്പാറുമ്പോൾ
ഒട്ടും വേണ്ട അഹങ്കാരം
സൂചിത്തുമ്പിൽ തൊട്ടാലോ
അപ്പോൾ കഴിയും നിൻ കാറ്റ്!

ഉദ്യാനം

• കെ.ആർ. ദേവദാസ്

എത്ര വർണ്ണങ്ങളിൽ പൂക്കൾ
ഏറെയിഷ്ടമാമോമനപ്പൂക്കൾ
പുഷ്പസങ്കൽപമായ് മിന്നും
മനഃതുഷ്ടി വരുത്തിടും പൂക്കൾ
തൊട്ടുതലോടുവാനാർക്കും
ഉള്ളിലിഷ്ടമുണർത്തിടും പൂക്കൾ
അമ്മയ്ക്കു വേണ്ടിപ്പറിച്ചു
ഞാൻ മുല്ലമൊട്ടാറേഴു മെല്ലെ
ചേച്ചിക്ക് വേണ്ടിക്കരുതീ
കൈയിൽ ചേലെഴും ചെമ്പകം വേറെ
'പൂക്കൾ പറിക്കരുതുണ്ണീ'
അച്ഛൻ താക്കീതുനൽകിയെന്നാലും
ആരുമറിയാതെ ഞാനും
പനീർപ്പൂവൊന്നിറുത്തതുമണത്തു!

